"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ നെൻമണിക്കര എം.കെ.എം.സി.യു.പി. സ്കൂളിലെ ശ്രീ.സിബിൻ ജോസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജ്ജി നമ്പർ 23325/2022-ലെ 17/11/2023 ലെ വിധിന്യായം, പാലിക്കുന്നതിനായി ടിയാന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കുവാൻ ഇരിഞ്ഞാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയ നടപടി - സാധുകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.94/2025/GEDN തീയതി,തിരുവനന്തപുരം, 28-05-2025

---

പരാമർശം:-

1. റിട്ട് ഹർജി നം.23325/2025-ൽ 17.11.2023 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
2. ഇരിഞ്ഞാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29/7/2024ലെ C-1641/2022 നമ്പർ കത്ത്
3. 10.03.2025 ലെ എസ്2/192/2022-പൊവിവ നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര എം.കെ.എം.സി. യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ വ്യവസ്ഥാപിത ഒഴിവിൽ 01/01/2016 മുതൽ ശ്രീ.സിബിൻ ജോസിനെ മാനേജർ ശമ്പള സ്കെയിലിൽ നിയമിക്കുകയുണ്ടായി. എന്നാൽ സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത വിഭാഗത്തിൽപ്പെടുന്ന സ്കൂൾ ആയതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം 01/06/2016 മുതൽ ദിവസവേതനാടിസ്ഥാനത്തിലാണ് അംഗീകരിച്ചത്. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത റിട്ട് ഹർജി നം. 23325/2022-ൽ ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച 17/11/2023ലെ വിധിന്യായത്തിൽ ശ്രീ. സിബിൻ ജോസിന്റെ നിയമനം 01/01/2016 മുതൽക്ക് ശമ്പള സ്കെയിലിൽ അംഗീകരിച്ച് എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് മൂന്നാം എതിർ കക്ഷിയായ ഇരിഞ്ഞാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയുണ്ടായി. വിധിന്യായം പാലിക്കുന്നതിന് 6 ആഴ്ചത്തെ സമയപരിധിയാണ് ബഹു. ഹൈക്കോടതി അനുവദിച്ചിരുന്നത്. വിധിന്യായം പാലിക്കപ്പെടാത്തതിനാൽ ശ്രീ സിബിൻ ജോസ് contempt case no. 71/2025 ഫയൽ ചെയ്യുകയുണ്ടായി. മേൽ കോടതി വിധി നടപ്പാക്കുന്നതിനായി ഇരിഞ്ഞാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സർക്കാരിന്റെ അനുമതി തേടുകയുണ്ടായി.

2) മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനങ്ങൾ ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിക്കുവാനാണ് സർക്കാർ നിർദ്ദേശം നല്കി വന്നിരുന്നത്. എന്നാൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനങ്ങൾ ശമ്പള സ്കെയിലിൽ അംഗീകരിക്കണമെന്ന വിഷയത്തിൽ ഹർജിക്കാരുടെ വാദഗതികൾ അംഗീകരിച്ച് നിരവധി കോടതി വിധികൾ പുറപ്പെടുവിച്ച സാഹചര്യത്തിൽ സർക്കാർ പ്രസ്തുത വിധികൾക്കെതിരെ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത അപ്പീലുകൾ (WA 1358/2021, WA 1435/2021 & 1346 of 2021) 10.11.2021 തീയതിയിലെ വിധിന്യായ പ്രകാരം ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളുകയും മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനങ്ങൾ ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത SLP യും ബഹു. സുപ്രീം കോടതി തള്ളിയിട്ടുണ്ട്.

3) 18/5/2007ലെ സർക്കുലർ നം.4545/ജെ2/2007/പൊ.വി.വ പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ കെ.ഇ.ആർ അധ്യായം XIV A ചട്ടം 43 അവകാശികളെ 12/10/2006-ന് ശേഷം പരിഗണിക്കേണ്ടതില്ല എന്നും മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിലെ പുതിയ നിയമനങ്ങളെല്ലാം തന്നെ ദിവസവേതനാടിസ്ഥാനത്തിലാണ് നടത്തുന്നത് എന്നും ഉത്തരവായിരുന്നു. ആയത് ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് WA 1388/2019 ലെ 26/08/2020 ലെ ഉത്തരവിൽ ശരിവക്കുകയുമുണ്ടായി. എന്നാൽ WA 1388/2019 വിധിന്യായം അധ്യാപകരെ സംബന്ധിച്ചുള്ളതാണ് എന്നും 26/8/2020 ലാണ് പ്രസ്തുത വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത് എന്നും മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിലെ നിയമനം നിയന്ത്രിക്കുന്ന സർക്കാർ സർക്കുലറുകൾ അനധ്യാപകരെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്നതല്ല എന്ന് ബഹു.ഹൈക്കോടതി, റിട്ട് അപ്പീൽ നം.1358,1346/2021 മറ്റ് ബന്ധപ്പെട്ട കേസുകൾ എന്നിവയിലെ 10/11/2021 തീയതി പുറപ്പെടുവിച്ച പൊതു വിധിന്യായം പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഈ വിധിന്യായത്തിൽ WA 1388/2019 ലെ 26/8/2020 ലെ വിധിന്യായം ബഹു. ഹൈക്കോടതി പരാമർശിച്ചിട്ടുള്ളതും ആയത് അനധ്യാപകരുടെ കാര്യത്തിൽ കണക്കിലെടുത്തിട്ടില്ലാത്തതുമാണ് റിട്ട് അപ്പീൽ നം.1358,1346/2021 ലെ 10/11/2021 ലെ വിധിന്യായത്തിനെതിരെ സർക്കാർ ബഹു സുപ്രീം കോടതിയിൽ ഫയൽ ചെയ്ത Civil Appeal No.6875-6876 of 2023 [Out of SLP(c) Nos.2664-2665/2022] തള്ളുകയുണ്ടായി.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ശ്രീ. സിബിൻ ജോസ് ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള WA 1358/2021, WA 1435/2021 & 1346 of 2021 ലെ 10.11.2021 തീയതിയിലെ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത SLP ബഹു. സുപ്രീം കോടതി തള്ളിയ സാഹചര്യത്തിൽ, മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനങ്ങൾ ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്ന വിധിന്യായം പാലിക്കേണ്ടതായും കാണുകയുണ്ടായി. ആയതിനാൽ,കോടതി വിധി സമയബന്ധിതമായി പാലിക്കുന്നതിനായി പരാതിക്കാരനായ ശ്രീ. സിബിൻ ജോസ് - ന് മാത്രം ശമ്പളസ്കെയിലിൽ നിയമനാംഗീകാരം നൽകുവാൻ ഇരിങ്ങാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ പരാമർശം.3 പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി.

5) മേൽ സാഹചര്യത്തിൽ,തൃശ്ശൂർ,നെൻമണിക്കര എംകെഎംസി യു.പി സ്കൂളിലെ ഓഫീസ്

അറ്റൻഡന്റ് ശ്രീ. സിബിൻ ജോസ്, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 23325/2022-ൽ ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച 17/11/2023ലെ വിധിന്യായം, COC 71/2025 കോടതിയലക്ഷ്യ കേസിലെ നിർദ്ദേശം എന്നിവ പരിഗണിച്ച് റിട്ട് ഹർജി നം. 23325/2022 ലെ ബഹു.കോടതി വിധിന്യായം പാലിക്കുന്നതിനായി ശ്രീ. സിബിൻ ജോസിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കുവാൻ ഇരിങ്ങാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പരാമർശം.3 പ്രകാരം നിർദ്ദേശം നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,ഇരിങ്ങാലക്കുട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (20.5.2025 ലെ ഇനം.നം.2965)
ധനകാര്യ വകുപ്പ്(UO.NO.E.3071688/Edn.A1/107/2024-Fin dated 07.3.2025)
കരുതൽ ഫയൽ

Signed by
Sajitha V
Date: 28-05-2025 14:05:48

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

JS
Rh 22/5/25

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-05-2025

ഫയൽ നം. എസ്2/192/2022/പൊ.വി.വ. ഇനം നം: 2965

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - തൃശ്ശൂർ നെൻമണിക്കര എം.കെ.എം.സി. യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സിബിൻ ജോസ് ഫയൽ ചെയ്ത റിട്ട് ഹർജി നം.23325/2022-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 17.11.2023-ലെ വിധിന്യായം പാലിക്കുന്നതുമായി ബന്ധപ്പെട്ട് ഇരിഞ്ഞാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ നിർദ്ദേശം സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2965

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എസ്2/192/2022/പൊ.വി.വ. |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ് |
| 3 | വിഷയം | : | തൃശ്ശൂർ നെൻമണിക്കര എം.കെ.എം.സി.യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.സിബിൻ ജോസ് ഫയൽ ചെയ്ത റിട്ട് ഹർജി നം.23325/2022-ൽ ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച 17/11/2023 ലെ വിധിന്യായം പാലിക്കുന്നതുമായി ബന്ധപ്പെട്ട് ഇരിഞ്ഞാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ നിർദ്ദേശം സാധൂകരിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യ മന്ത്രിയുടെ ഉത്തരവ് തീയതി | : | 28.02.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | | ഉണ്ട്, നിയമ വകുപ്പ് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ജയകുമാർ സി.എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. റാണി ജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.04.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.05.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13.05.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. ഹൈക്കോടതിയുടെ WA No.1358/2021 ലെ നിർദ്ദേശപ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത തൃശ്ശൂർ, നെന്മണിക്കര എം.കെ.എം.സി.യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.സിബിൻ ജോസിന്റെ നിയമനം ശമ്പളസ്കെയിലിൽ അംഗീകരിക്കുന്നത് സംബന്ധിച്ച് ടിയാൻ ഫയൽ ചെയ്ത റിട്ട് ഹർജി നം.23325/2022-ൽ ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച 17/11/2023 ലെ വിധിന്യായം പാലിക്കുന്നതുമായി ബന്ധപ്പെട്ട് ഇരിഞ്ഞാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ നിർദ്ദേശം സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. നെന്മണിക്കര എം.കെ.എം.സി. യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ വ്യവസ്ഥാപിത ഒഴിവിൽ 01/01/2016 മുതൽ ശ്രീ.സിബിൻ ജോസിനെ മാനേജർ ശമ്പള സ്കെയിലിൽ നിയമിക്കുകയുണ്ടായി. എന്നാൽ സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത വിഭാഗത്തിൽപ്പെടുന്ന സ്കൂൾ ആയതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം 01/06/2016 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുകയുണ്ടായി. റിട്ട് ഹർജി നം. 23325/2022-ൽ ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച 17/11/2023 ലെ വിധിന്യായത്തിൽ ശ്രീ. സിബിൻ ജോസിന്റെ നിയമനം 01/01/2016 മുതൽക്ക് ശമ്പള സ്കെയിലിൽ അംഗീകരിച്ച് എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് മൂന്നാം എതിർ കക്ഷിയായ ഇരിഞ്ഞാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് കോടതി നിർദ്ദേശം നൽകുകയുണ്ടായി. വിധിന്യായം പാലിക്കുന്നതിന് 6 ആഴ്ചത്തെ സമയപരിധിയാണ് ബഹു. ഹൈക്കോടതി അനുവദിച്ചിരുന്നത്. വിധിന്യായം പാലിക്കപ്പെടാത്തതിനാൽ ശ്രീ സിബിൻ ജോസ് *contempt case no. 71/2025* നം. കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ ഇടക്കാല നിർദ്ദേശപ്രകാരം *25.02.2025* ന് ബഹു: ഹൈക്കോടതി മുമ്പാകെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരിട്ട് ഹാജരാകുകയും കോടതിവിധി പാലിക്കാത്തതിനാൽ *14.03.2025* ന് നേരിട്ട് ഒരിക്കൽക്കൂടി ഹാജരാകണമെന്നും പ്രസ്തുത ദിവസം ചാർജ്ജ് ചുമത്തുന്നതുമാണ് എന്ന് കോടതി ഉത്തരവാകുകയുണ്ടായി.

3. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനങ്ങൾ ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിക്കുവാനാണ് സർക്കാർ നിർദ്ദേശം നല്കി വന്നിരുന്നത്. എന്നാൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനങ്ങൾ ശമ്പള സ്കെയിലിൽ

അംഗീകരിക്കണമെന്ന വിഷയത്തിൽ ഹർജിക്കാരുടെ വാദഗതികൾ അംഗീകരിച്ച് നിരവധി കോടതി വിധികൾ പുറപ്പെടുവിച്ച സാഹചര്യത്തിൽ സർക്കാർ പ്രസ്തുത വിധികൾക്കെതിരെ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത അപ്പീലുകൾ (WA 1358/2021, WA 1435/2021 & 1346 of 2021) 10.11.2021 തീയതിയിലെ വിധിന്യായ പ്രകാരം ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് തള്ളുകയും മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനങ്ങൾ ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത SLP യും ബഹു. സുപ്രീം കോടതി തള്ളിയിട്ടുണ്ട്. WA 1358/2021, WA 1435/2021 & 1346 of 2021 ൽ 10.11.2021 തീയതിയിലെ വിധിന്യായത്തിലെ ബഹു. ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ സമാനമായ വിഷയം കൈകാര്യം ചെയ്യുന്ന ഫയലിൽ ചുവടെ ചേർക്കും വിധം പരിശോധിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

*" 18/5/2007 ലെ സർക്കുലർ നം.4545/ജെ2/2007/പൊ.വി.വ പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ കെ.ഇ.ആർ അധ്യായം XIV A ചട്ടം 43 അവകാശികളെ 12/10/2006-ന് ശേഷം പരിഗണിക്കേണ്ടതില്ല എന്നും മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിലെ പുതിയ നിയമനങ്ങളെല്ലാം തന്നെ ദിവസവേതനാടിസ്ഥാനത്തിലാണ് നടത്തുന്നത് എന്നും ഉത്തരവായിരുന്നു. ആയത് ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് WA 1388/2019 ലെ 26/08/2020 ലെ ഉത്തരവിൽ ശരിവക്കുകയുമുണ്ടായി. എന്നാൽ WA 1388/2019 വിധിന്യായം അധ്യാപകരെ സംബന്ധിച്ചുള്ളതാണ് എന്നും 26/8/2020 ലാണ് പ്രസ്തുത വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത് എന്നും മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിലെ നിയമനം restrict ചെയ്യുന്ന സർക്കാർ സർക്കുലറുകൾ അനധ്യാപകരെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്നതല്ല എന്ന് ബഹു.ഹൈക്കോടതി, റിട്ട് അപ്പീൽ നം.1358,1346/2021 മറ്റ് ബന്ധപ്പെട്ട കേസുകൾ എന്നിവയിലെ 10/11/2021 തീയതി പുറപ്പെടുവിച്ച പൊതു വിധിന്യായം പ്രകാരം ഉത്തരവായിട്ടുള്ളതാണ് എന്നും ഈ വിധിന്യായത്തിൽ WA 1388/2019 ലെ 26/8/2020 ലെ വിധിന്യായം ബഹു. ഹൈക്കോടതി പരാമർശിച്ചിട്ടുള്ളതും ആയത് അനധ്യാപകരുടെ കാര്യത്തിൽ കണക്കിലെടുത്തിട്ടില്ലാത്തതുമാണ് എന്നും കാണുകയുണ്ടായി. റിട്ട് അപ്പീൽ നം.1358,1346/2021 ലെ 10/11/2021 ലെ വിധിന്യായം പരിശോധിക്കുമ്പോൾ:-*

*(In Para 6)...we find that unlike in the case of teaching staff,the provisions of Chapter XXIV B read with Chapter XXIV A of KER,mandate that in every Upper Primary School there can be appointed in the non-teaching establishment of such school one Peon(subsequently re-designated as Office Attendant)....എന്നും,*

*(In Para 7)That brings us to the question as to whether there is any other Government order or Circular,which enables the Government to reduce the benefits envisaged under the statute to persons appointed as Peon/OA pursuant to the statutory provisions under the KER.The learned Government Pleader has not been able to bring to our notice any such Circular and we find that his contentions*

*based on the provisions in the Circular 58604/J2/2021/GEDN dated.06/11/2012 cannot be accepted since the Circular admittedly applies only in respect of teaching staff in uneconomic schools in the State.....*എന്നും,

*(In Para 7)...We are of the view that when the statutory provisions clearly mandate that there has to be a post of Peon/OA in a UP School,and there were in fact vacancies of Peon/OA in the schools in question which were filled by candidates whose eligibility for the post was never in dispute,the statutory benefit of a regular scale of pay cannot be taken away by a circular....*എന്നും,

*(In Para 8)....We find the stand of the Educational Authorities/Government that the post of Peon/OA in Aided uneconomic UP Schools can be filled only on daily wage basis to be legally unsustainable.So long as there is a vacancy to an established post of Peon/OA,and the post is not one which is likely to be abolished in any Staff fixation conducted in the school,the appointments made to the post have to be approved on regular scale of pay and not on daily wage basis...*എന്നും കോടതി ഈ വിധിന്യായത്തിൽ നിരീക്ഷിച്ചിട്ടുണ്ട്. റിട്ട് അപ്പീൽ നം.1358,1346/2021 ലെ 10/11/2021 ലെ വിധിന്യായത്തിനെതിരെ സർക്കാർ ബഹു സുപ്രീം കോടതിയിൽ ഫയൽ ചെയ്ത Civil Appeal No.6875-6876 of 2023 [Out of SLP(c) Nos.2664-2665/2022]ലെ 18/10/2023 ലെ വിധിന്യായം ച്ചവടെ കണ്ടാലും:-

*The records show that the Peon's post is mandated even for non-economic schools. The respective respondents were appointed as Peons in different schools. The authorities, however, refused to approve appointment of the Peons by placing reliance on the GO dated.25/03/2013, which governs regularisation of non-teaching staff in schools.*

*The judgments of the Single Judge directing consideration of the respondents for regularisation as upheld by the Division Bench are noted.We have also considered the reasonings in the impugned judgment.*

*Looking at the scheme of things and particularly taking note of the mandated posts of Peon in each school economic or otherwise we see no reason to entertain these appeals.*

*The appeals are accordingly dismissed leaving the parties to bear their own cost.*

മേൽ വിധിന്യായങ്ങളിൽ ബഹു.കോടതി പരാമർശിച്ചിട്ടുള്ളത് ചട്ട പ്രകാരം (KER Chapter XXIV A) എല്ലാ യു പി സ്കൂളുകളിലും ഒരു പ്യൂൺ /ഓ.എ തസ്തിക അനിവാര്യമാണ് എന്നും ആയതിനാൽ തന്നെ സ്കൂൾ ഇക്കണോമിക് എന്നോ അൺ ഇക്കണോമിക് എന്നോ നോക്കാതെതന്നെ മേൽ പ്യൂൺ /ഓ.എ തസ്തികകൾക്ക് ശമ്പള സ്കെയിലിൽ തന്നെ അംഗീകാരം നൽകണമെന്നാണ്. കൂടാതെ മേൽ 18/5/2007 ലെ സർക്കുലർ നം.4545/ജെ2/2007/പൊ.വി.വ സർക്കുലറിലെ നിബന്ധന അധ്യാപക തസ്തികകൾക്കാണ് ബാധകമെന്നും അനധ്യാപക തസ്തികകൾക്ക് ബാധകമല്ല എന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്. "

4. WA 1358/2021, WA 1435/2021 & 1346 of 2021 ലെ 10.11.2021 തീയതിയിലെ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത SLP ബഹു. സുപ്രീം കോടതി തള്ളിയ സാഹചര്യത്തിൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനങ്ങൾ ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്ന വിധിന്യായം പാലിക്കേണ്ടതായും നിയമനത്തീയതി മുതലുള്ള ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതായും വരുന്നു.

5. ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിക്കുന്നതിൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു. ഈ വിഷയത്തിൽ നിയമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ശ്രീ. സിബിൻ ജോസ് ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള WP(C)No .23325/2022-ലെ 17/11/2023 തീയതിയിലെ വിധിന്യായത്തിൽ, റിട്ട് അപ്പീൽ നം.1358/2021 ലെ 10.11.2021 തീയതിയിലെ വിധിന്യായത്തിൽ ബഹു. കോടതി, സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് നിയമപരമായി നിലനിൽക്കുന്നതല്ല എന്ന് കണ്ടെത്തിയിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ട്. ടി വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത SLP ബഹു. സുപ്രീം കോടതി തള്ളിയിട്ടുള്ളതുമാണ്. W.A.No. 1388/2019-ലെ 26/08/2020-ലെ വിധിന്യായം അധ്യാപകരെ സംബന്ധിച്ചുള്ളതാണെന്നും Kerala Education Rules Chapter XXIV (B) read with XXIV(A) പ്രകാരം എല്ലാ യു പി സ്കൂളുകളിലും ഒരു പ്യൂൺ /ഓഫീസ് അറ്റന്റന്റ് തസ്തിക അനിവാര്യമാണ് എന്നും അക്കാര്യത്തിൽ സ്കൂൾ ഇക്കണോമിക് എന്നോ അൺ ഇക്കണോമിക് എന്നോ നോക്കാതെതന്നെ പ്യൂൺ /ഓഫീസ് അറ്റന്റന്റ് തസ്തികകർക്ക് ശമ്പള സ്കെയിലിൽ തന്നെ അംഗീകാരം നൽകണമെന്നും 18/5/2007 ലെ സർക്കുലർ നം.4545/ജെ2/2007/പൊ.വി.വ സർക്കുലറിലെ നിബന്ധനകൾ അധ്യാപക തസ്തികകൾക്കാണ് ബാധകമെന്നും അനധ്യാപക തസ്തികകൾക്ക് ബാധകമല്ല എന്നും ബഹു.കോടതി നിരീക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ W.A.No. 1358/2021, W.A.No. 1435/2021 & 1346 of 2021 ലെ 10.11.2021 തീയതിയിലെ വിധിന്യായം പാലിച്ചുകൊണ്ട് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ WP(C)No.23325/2022-ലെ ഹർജിക്കാരന്റെ ഓഫീസ് അറ്റന്റന്റ് തസ്തികയിലെ നിയമനം 'scale of pay basis' ൽ അംഗീകരിച്ച് കൊണ്ട് ടി വിധിന്യായ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു".

6. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അനധ്യാപക തസ്തികകൾ ശമ്പള സ്കെയിലിൽ അംഗീകരിച്ചാൽ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയുടെ വിശദാംശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ ആകെ അനധ്യാപക തസ്തികകൾ

ഫുൾ ടൈം മീനിയൽ-17, ഓഫീസ് അറ്റൻഡന്റ് -69, ക്ലാർക്ക്-06

ആകെ അനദ്ധ്യാപകർ (17+69+06) = 92

അധിക സാമ്പത്തിക ബാധ്യത = 2,55,68,850(ശമ്പള സ്കെയിൽ)- 1,71,54,000(ദിവസവേതനം) = 84,14,850/- + ഡിഎ (9%) (1757305) + എച്ച്.ആർ.എ.(8%)(673160)= 98,45,315 രൂപ.

(നിലവിലത്തെ ഡി.എ യും ശരാശരി എച്ച്.ആർ.എ.യും കൂടി കൂട്ടിയ തുക)

ഇതിൽ നിന്നും വ്യക്തമാകുന്നത്, മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ തുടർന്ന് വരുന്നതായ അനധ്യാപകരുടെ ശമ്പളം, സ്കെയിലിൽ അനുവദിച്ചാൽ നിലവിലെ ശമ്പള സ്കെയിൽ പ്രകാരം ഏകദേശം ഒരു കോടിയോളം രൂപ പ്രതിവർഷം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകും എന്നാണ്.

7. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ശ്രീ സിബിൻ ജോസ്, ഓഫീസ് അറ്റൻഡന്റ്, എം.കെ എം. സി അപ്പർ പ്രൈമറി സ്കൂൾ നെൻമണിക്കര, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 23325/2022-ൽ ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച 17/11/2023 ലെ വിധിന്യായം പാലിക്കുന്നതിനായി, പരാതിക്കാരന് മാത്രം ശമ്പള സ്കെയിൽ അനുവദിക്കാൻ നിർദ്ദേശിക്കുന്നു. മറ്റ് വിഷയങ്ങൾ മുൻപ് തീരുമാനിച്ചത് പോലെ ഇത് സംബന്ധിച്ച ചർച്ച നടന്ന ശേഷം അന്തിമ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

8. ശ്രീ. സിബിൻ ജോസ്, ഓഫീസ് അറ്റൻഡന്റ്, എം.കെ.എം.സി. അപ്പർ പ്രൈമറി സ്കൂൾ നെൻമണിക്കര, പുതുക്കാട് പി.ഒ. തൃശ്ശൂർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 23325/2022-ൽ ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച 17/11/2023 ലെ വിധിന്യായം പാലിക്കുന്നതു സംബന്ധിച്ച ഫയൽ ബഹു.മുഖ്യമന്ത്രിക്കു സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. അതേസമയം, COC 71/2025 ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ആരംഭിച്ച കോടതിയലക്ഷ്യ നടപടികൾ ഒഴിവാക്കാൻ, വിധിന്യായത്തിലെ നിർദ്ദേശം

പാലിക്കാൻ ഇരിങ്ങാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിച്ചു. അതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം മന്ത്രിസഭാ യോഗത്തിൽ വിഷയം സമർപ്പിച്ചുകൊണ്ട് പ്രസ്തുത നടപടി സാധൂകരിക്കേണ്ടതുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

തൃശ്ശൂർ നെൻമണിക്കര എം.കെ.എം.സി.യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.സിബിൻ ജോസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജ്ജി നമ്പർ 23325/2022–ലെ 17/11/2023 ലെ വിധിന്യായം, Contempt Case No.71/2025 കോടതിയലക്ഷ്യ കേസിലെ നിർദ്ദേശം എന്നിവ പരിഗണിച്ച്, റിട്ട് ഹർജി നം.23325/2022–ലെ 17/11/2023 തീയതിയിലെ ബഹു. കോടതി വിധിന്യായം പാലിക്കുന്നതിനായി ശ്രീ.സിബിൻ ജോസിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കുവാൻ 10.03.2025 ലെ എസ്2/192/2022–പൊവിവ നമ്പർ കത്ത് പ്രകാരം ഇരിഞ്ഞാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയ നടപടി സാധൂകരിക്കാമോ.